Madhyamam 21-10-18, P-13



മഴ പെയ്യുന്ന മരം കാണാൻ പഞ്ചായത്ത് പ്രസിഡൻറ് ബുഷറ ഷംസുദ്ദീൻെറ നേതൃത്വത്തിലുള്ള സംഘം മന്ദലാംകുന്നിൽ എത്തിയപ്പോൾ

# മഴ പെയ്യുന്ന മരം കാണാൻ അധികൃതരെത്തി

- കാർഷിക വിജ്ഞാന കേന്ദ്രത്തിലെ ഉന്നത സംഘം നാളെ പരിശോധനക്കെത്തും

**സ്വന്തം ലേഖകൻ**

**മന്ദലാംകുന്ന്:** മഴ പെയ്യുന്ന മരം കാണാൻ പഞ്ചായത്ത് പ്രസിഡൻറിൻെറ നേതൃത്വത്തിലുള്ള സംഘമെത്തി. പുന്നയൂർ പഞ്ചായത്ത് പ്രസിഡൻറ് ബുഷറ ഷംസുദ്ദീൻ, ജില്ല പഞ്ചായത്ത് അംഗം ടി.എ. ഐഷ, കൃഷി ഓഫിസർ എസ്. സുജീഷ്, പഞ്ചായത്ത് അസി. സെക്രട്ടറി സുരേഷ് കുമാർ, കൃഷി അസി. ഓഫിസർ അർച്ചന സുരേഷ് ബാബു, കർഷക മിത്രം ഓഫിസർ പി.ബി. ദീപക് എന്നിവരാണ് മന്ദലാംകുന്ന് സെൻററിൽ ജുമുഅത്ത് പള്ളിക്ക് സമീപത്തെ ഉദയാനത്ത് ബക്കറിൻെറ വീട്ടുവളപ്പിലെത്തിയത്.

ബക്കറിൻെറ വീടിന് പിറകിൽ നട്ടുവളർത്തിയ പ്ലാവിൽ നിന്നാണ് മഴക്കു ശേഷം വെള്ളത്തുള്ളികൾ ഇറ്റിവീഴുന്നതുപോലെ പല കൊമ്പുകളിലെയും ഇലകളിൽനിന്ന് തുള്ളി തുള്ളിയായി വീഴുന്നത്. ഇത് സംബന്ധിച്ച മാധ്യമം വാർത്ത ശ്രദ്ധയിൽപെട്ടാണ് അധികൃതർ എത്തിയത്.

വിശദ റിപ്പോർട്ട് ഉന്നത അധികൃതർക്ക് അയച്ചുവെന്നും തിങ്കളാഴ്ച കാർഷിക വിജ്ഞാന കേന്ദ്രത്തിലെ ഉന്നത സംഘം സ്ഥലം സന്ദർശിക്കുമെന്നും പഞ്ചായത്ത് പ്രസിഡൻറ് ബുഷറയും കൃഷി ഓഫിസർ സുജീഷും അറിയിച്ചു. വാർത്തയെ തുടർന്ന് നിരവധി പേരാണ് പ്ലാവ് കാണാനെത്തുന്നത്.